# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീലംപേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-10/200/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീലംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-10/200/23 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2021 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖ.പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ടി.കെ.തങ്കച്ചൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷെയ്ക്ക് ബിജു.സി.എസ് | സെക്രട്ടറി | 01-04-2021 | 08-10-2021 |
| ശ്രീമതി.ഗീതമ്മ.എ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-10-2021 | 10-10-2021 |
| ശ്രീമതി.ജയലത.വി | സെക്രട്ടറി | 11-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ദിവ്യ ചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.എലിസബത്ത് രാജൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ജയ ഭാസ്കർ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.മരിയ തെരേസ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി .ഗീതമ്മ എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി .മിനികുമാരി.കെ.എസ് | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി .സിനി.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ശ്രുതി.പി.എൽ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .റിനി എസ്.ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 08-04-2021 |
| ശ്രീമതി .വിനീത.ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-04-2021 | 31-03-2022 |
| ശ്രീ.ഫസലുൽ റഹ്മാൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 23-08-2021 |
| ശ്രീമതി .അജിത അനീഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 24-08-2021 | 31-03-2022 |
| ശ്രീ.ആരിഫ് ഖാൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സതീഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ചന്ദ്രലേഖ.ടി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റിന്റെ പരിശോധന | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - ന്യൂനതകൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | ആവശ്യമായ വർദ്ധനവ് നല്കാതെ നികുതി നിർണ്ണയിച്ചു | 1-10 |
| 13 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-11 |
| 14 | മോട്ടോർ റണ്ണിംഗ് ഫീസീടാക്കിയതിൽ കുറവ് | 1-12 |
| 15 | എ.സി.ആർ പ്രകാരമുള്ള ചെലവുകൾ -ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല | 1-13 |
| 16 | രണ്ട് വ്യത്യസ്ത പ്രോജക്ടുകൾക്ക് ഒരേ പ്രോജക്ട് നമ്പർ | 1-14 |
| 17 | കൃഷി ഓഫീസിലേക്ക് ഇൻവെർട്ടർ - ക്വട്ടേഷൻ നടപടിക്രമങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-15 |
| 18 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി - ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് പണം ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. | 1-16 |
| 19 | കിടാരി, പോത്ത്, ആട്ടിൻകുട്ടി -മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 20 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-18 |
| 21 | പി.എം.എ.വൈ.വിഹിതം നൽകൽ - ധന വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 22 | ഭവന നിർമ്മാണം - പൂർത്തീകരിച്ചില്ല. | 1-20 |
| 23 | ലൈഫ് ഭവന പദ്ധതി- ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-21 |
| 24 | കക്കൂസ് മെയിന്റനൻസ് - അപാകതകൾ | 1-22 |
| 25 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-23 |
| 26 | ആർ.ഒ.പ്ലാന്റുകൾക്ക് കറന്റ് കണക്ഷൻ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-24 |

| | | |
|---|---|---|
| 27 | പത്രപ്പരസ്യം നിർദിഷ്ട വലിപ്പത്തിലല്ല- അധിക ചെലവ് | 1-25 |
| 28 | ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-26 |
| 29 | കുടിവെള്ള വിതരണം സർക്കാർ നിർദേശിച്ച പരിധിയിൽ അധികരിച്ച് തുക ചെലവഴിച്ചു. | 1-27 |
| 30 | എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾ - നിർദിഷ്ട മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കുന്നില്ല | 1-28 |
| 31 | എം.ജി.എൻ.ആർ.ഇ.ജി.എസ്.പ്രവൃത്തികൾ -കരാറുകാരിൽ നിന്നും ആദായ നികുതി, ജി.എസ്.ടി.എന്നിവ സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല | 1-29 |
| 32 | ലാന്റ് റിലിങ്കിഷ് മെന്റ് തുടർനടപടികൾ സ്വീകരിച്ചില്ല. | 1-30 |
| 33 | എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല. | 1-31 |
| 34 | യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-32 |
| 35 | മഴക്കാല പൂർവ്വശുചീകരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-33 |
| ഭാഗം **2** | | |
| 1 | ആവശ്യമായ വർദ്ധനവ് നല്കാതെ നികുതി നിർണ്ണയിച്ചു | 2-1 |
| ഭാഗം **3** | | |
| 1 | പത്രപ്പരസ്യം നിർദിഷ്ട വലിപ്പത്തിലല്ല- അധിക ചെലവ് | 3-1 |
| 2 | കുടിവെള്ള വിതരണം സർക്കാർ നിർദേശിച്ച പരിധിയിൽ അധികരിച്ച് തുക ചെലവഴിച്ചു. | 3-2 |
| 3 | യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 25.03.2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 86897250 | 88689610 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 130594214 | 134818398 |

### 1-1-1 ബജറ്റിന്റെ പരിശോധന

ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2021-22 ലെ ബജറ്റ് 2021ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| 210-എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസസ് | 10227040 | 10956275 |
| 220-അഡ്മിനസ്ട്രേറ്റീവ് എക്സ്പൻസസ് | 532000 | 534354 |
| 230-ഓപ്പറേഷൻസ് & മെയിന്റനൻസ് | 769200 | 802984 |
| 240-ഇന്ററസ്റ്റ് & ഫിനാൻസ് ചാർജസ് | 3000 | 4021 |
| 251-ഡീ സെൻട്രലൈസ്ഡ് പ്ലാൻ പ്രോഗ്രാം സർവീസ് സെക്ടർ | 17919889 | 68651205 |
| 253-പ്രോജക്ട് നോട്ട് ഇൻക്ലുഡഡ് ഇൻ സെക്ടർ ഡിവിഷൻ | 1634320 | 2581777 |
| 254-എക്സ്പന്റീച്ചർ ഓഫ് ട്രാൻസ്ഫേഡ് ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് സ്റ്റേറ്റ് സ്പോൺസേഡ് സ്കീംസ് | 20000000 | 35988060 |
| 256-അദർ റെവന്യൂ ഗ്രാന്റ്സ് & ഫണ്ട്സ് -റെവന്യൂ എകസ്പെൻസസ് | 400000 | 544033 |

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 29.04.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക - ന്യൂനതകൾ

1.സുലേഖ ചെലവ് പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) എന്നിവ പ്രകാരം വികസന ഫണ്ട് (ജനറൽ) ഇനത്തിൽ 13683048/-രൂപ ചെലവുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക കണക്കിൽ (ഇൻകം & എക്സ്പെന്റിച്ചർ + ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ) ഈയിനത്തിൽ 15512048/-രൂപ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

2.സുലേഖ ചെലവ് പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) എന്നിവ പ്രകാരം വികസന ഫണ്ട് (എസ്.സി.പി) ഇനത്തിൽ 2495000/-രൂപ ചെലവുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇൻകം & എക്സ്പെന്റിച്ചർ ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിൽ 2553667/-രൂപ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

3.വാർഷിക കണക്ക് രസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-7 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിനത്തിൽ 3344118/-രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിൽ 2517256/-രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

4.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് ഇനത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഉൾപ്പെടെയുള്ള ചെലവിനായുള്ള വരവ് 49818652/-രൂപയാണ്. എന്നാൽ എൻ.ആർ.ഇ.ജി.എസിൽ നിന്നുള്ള എം.ഐ.എസ് റിപ്പോർട്ട് പ്രകാരം ഈയിനത്തിലുള്ള ആകെ ചെലവ് 49133723.99 രൂപയാണ്. വ്യത്യാസം നിലനിൽക്കുന്നു.

5.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കോൺട്രാക്ടേഴ്സ് റിറ്റെൻഷൻ ഇനത്തിൽ 36317/-രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ രസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-34 (വരവ്) പ്രകാരം ഈയിനത്തിലുള്ള തൻവർഷത്തെ ബാധ്യതയായി 27564/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

6.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

7.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

8.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

9.രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-10 പ്രകാരം Recovery From Employees – Audit Recovery Based On Charge Certificate എന്നയിനത്തിൽ 276609/-രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഓഡിറ്റ് റിക്കവറി ഇനത്തിലുള്ളതല്ല.

10.പഞ്ചായത്തിലെ വിവിധ ആർ.ഒ പ്ലാന്റുകളിൽ കറന്റ് കണക്ഷൻ എടുക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പുഞ്ച സെക്ഷൻ ഓഫീസിലേയ്ക്ക് 46444/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. എന്നാൽ ഈ തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കിലെ ന്യൂനതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.13.02.2023)മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കിലെ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8109228 |
| വരവ് | 50934559 |
| ആകെ | 59043787 |
| ചെലവ് | 47560797 |
| നീക്കിയിരിപ്പ് | 11482990 |
| വരവിനങ്ങളിലുള്ള നഷ്ടം | 871 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 211219 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1372721 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് എ.സി.ആർ പ്രകാരം | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 14126000 | 14126000 | 2020800 | 11662248 | 442952 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 2650093 | 2650093 | 249333 | 2245667 | 155093 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 11800 | 11800 | | | 11800 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ബാങ്ക് | 0 | 3945000 | 3945000 | | 0 | 3945000 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ട്രഷറി | 0 | 3061196 | 3061196 | | 1101964 | 1959232 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ബാങ്ക് | 0 | 2630000 | 2630000 | | 1719360 | 910640+41708 (പലിശ) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ട്രഷറി | 0 | 485084 | 485084 | | 485084 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 10858798 | 10858798 | | 6702903 | 4155895 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 5202519 | 5202519 | | 3344118 | 1858401 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 12105200 | 14126000 |
| ചെലവ് | 13683048 | 13683048 |
| നീക്കിയിരിപ്പ് | (-)1577848 | 442952 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 2400760 | 2650093 |
| ചെലവ് | 2495000 | 2495000 |
| നീക്കിയിരിപ്പ് | (-)94240 | 155093 |

3.മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 5202519 | 5202519 |
| ചെലവ് | 2517256 | 3344118 |
| നീക്കിയിരിപ്പ് | 2685263 | 1858401 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 135 | 64348938 | 111 | 32845205 | | 24 | 82.22% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 12016 | 640004 | 652020 | 650838 | 1182 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 49167814 | 49167814 | 49167814 | |
| ആകെ | 12016 | 49807818 | 49819834 | 49818652 | 1182 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 12960 | 18 |
| കർഷക തൊഴിലാളി പെൻഷൻ | 14685600 | 900 |
| വിധവ പെൻഷൻ | 5896200 | 375 |
| വാർദ്ധക്യകാല പെൻഷൻ | 12713000 | 890 |
| വികലാംഗ പെൻഷൻ | 2379900 | 150 |
| അവിവാഹിത പെൻഷൻ | 270400 | 16 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023 .ൽ 3.15 Pm ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3046/- രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4.അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന പദ്ധതികളുടെ ഫയലുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു. സെലക്ഷൻ നോട്ടീസുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. ടെണ്ടർ രേഖകളിൽ പലതിലും സാക്ഷ്യപ്പെടുത്തലില്ലാത്ത തിരുത്തലുകൾ വരുത്തുന്നതായും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു.

## 1-10 ആവശ്യമായ വർദ്ധനവ് നല്കാതെ നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ആവശ്യമായ വർദ്ധനവുകളും ഇളവുകളും നല്കിയാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത് .പഞ്ചായത്തിന്റെ നികുതി നിർണ്ണയഫയലുകൾ പരിശോധിച്ചതിൽ കിഷോർ കുമാർ ,കുഴിക്കണ്ടം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് PWD റോഡിൽ നിന്നും വഴിസൌകര്യമുള്ളതായി സൈറ്റ് പ്ളാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5മീറ്ററിൽകൂടുതൽ വഴി സൌകര്യത്തിനുള്ള 20% വർദ്ധനവ് നല്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്

| പേര് /വിലാസം | കെട്ടിടത്തിന്റെ ഗണം/വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| കിഷോർ കുമാർ ,കുഴിക്കണ്ടം (രവീന്ദ്രൻ.എം.എൻ) 12/148B | 100 ച.മീറ്റർ വരെയുള്ള വാണിജ്യാവശ്യകെട്ടിടം 77.05m2 | 77.05@50=3852.5 ദ്വിതീയ മേഘല ഇളവ്-10% =385.25 ആകെ നികുതി=3468 | 77.05@50=3852.5 ദ്വിതീയ മേഘല ഇളവ്-10% =385.25 വഴി സൌകര്യം വർദ്ധനവ് 20%=770.4 ആകെ നികുതി=4238 | 770/- |
| കിഷോർ കുമാർ , കുഴിക്കണ്ടം (രവീന്ദ്രൻ.എം.എൻ) 12/148C | പാർപ്പിടാവശ്യം 84.07m2 | 84.27@6=505.6 ദ്വിതീയ മേഘല ഇളവ്-10% =50.56 ആകെ നികുതി=456 | 84.27@6=505.6 ദ്വിതീയ മേഘല ഇളവ്-10% =50.56 വഴി സൌകര്യം വർദ്ധനവ് 20%=101 ആകെ നികുതി=557 | 101 |
| ആകെ | | | | 871/- |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.21/14.2.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവായതോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

A)താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2-ാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

I)മാവേലി സ്റ്റോർ

Ii) ബഡ്സ് സ്കൂൾ

B)താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2-ാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

I)എസ്.സി.ബി,കൈനടി-3814

Ii)എസ്.സി.ബി,നീലംപേരൂർ-1788

Iii)സൌത്ത് ഇൻഡ്യൻബാങ്ക്

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(5/13.2.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 മോട്ടോർ റണ്ണിംഗ് ഫീസീടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തിയുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | വാർഡ് നം./കെട്ടിട നം. | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കിയ ഫീസ്/രസീത് നം. | ഈടാക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|---|---|
| 1 | 4/157 | എൻ.യു.ആൻഡ്രൂസ്, ഡിവൈൻ റബ്ബർ പ്രൊഡക്ട്സ് | 255HP | 2000/- 121080100070/ 05.05.2021 | 2550/- |
| 2 | 4/159 | എൻ.യു.ആൻഡ്രൂസ്, ഡിവൈൻ മാർക്കറ്റിംഗ്(പി.വി.സി ഡോർ നിർമ്മാണം) | 25Hp | 200/- 121080100068/ 5.5.2021 | 300/- |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(3/13.2.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഫീസീടാക്കി മാത്രം ലൈസൻസ് നൽകേണ്ടതാണ്.

## 1-13 എ.സി.ആർ പ്രകാരമുള്ള ചെലവുകൾ -ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല

മെഡിക്കൽ ഓഫീസർ 2021-22ൽ നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് എ.സി.ആർ പ്രകാരം ചെലവ് ഉണ്ടെങ്കിലും ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം /ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള /അലോട്ട്മെന്റ് നം/തീയതി | മെഡിക്കൽ ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 1 | S0087/22-കോവിഡ് 19 മരുന്നും ഉപകരണങ്ങളും വാങ്ങൽ(മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 1) 3/10.5.2021-138600/-<br>2)30/15.7.2021-42000/-<br>3)31/15.7.2021-343350/-<br>4)44/9.8.2021-42000/-<br>5)53/1.9.2021-42000/- | 1)30/15.7.2021-42000/-<br>2)44/9.8.2021-42000/-<br>3)53/1.9.2021-42000/-<br>4)31/15.7.2021-343350/- |
| 2 | S0040/22-പി.എച്ച് .സി.യിലേക്ക് മരുന്ന് വാങ്ങൽ(മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 1)36/26.7.2021-59995/-<br>2)62/24.9.2021-59996/-<br>3)240/2.3.2021-98921/- | 1)240/2.3.2021-98921/-<br>2)62/24.9.2021-59996/- |
| ആകെ | | 826862/- | 628267/- |

എ.സി.ആർ പ്രകാരമുള്ള ചെലവുകൾ -ചെലവ് പത്രികയിൽ ഉൾപ്പെടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(18/14.2.2023) മറുപടി ലഭ്യമാക്കിയില്ല. എ.സി.ആർ പ്രകാരമുള്ള ചെലവുകൾ -ചെലവ് പത്രികയിൽ ഉൾപ്പെടാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-14 രണ്ട് വ്യത്യസ്ത പ്രോജക്ടുകൾക്ക് ഒരേ പ്രോജക്ട് നമ്പർ

2021-22 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ഒരേ പ്രോജക്ട് നമ്പർ ലഭ്യമായിരിക്കുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|---|---|---|
| 1 | S0108/22 (സ്പിൽ ഓവർ) | സുഭിക്ഷം പച്ചക്കറി വികസനം | വികസനഫണ്ട് (പൊതുവിഭാഗം) | 74000 | 18000 |
| | | | ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) | 6000 | 6000 |
| ആകെ | | | | 80000 | 24000 |
| 2 | S0108/22 (സ്പിൽ ഓവർ) | സുഭിക്ഷം വാഴക്കൃഷി വികസനം | വികസനഫണ്ട് (പൊതുവിഭാഗം) | 66000 | 66000 |
| ആകെ | | | | 66000 | 66000 |

രണ്ട് വ്യത്യസ്ത പ്രോജക്ടുകൾക്ക് ഒരേ പ്രോജക്ട് നമ്പർ ലഭ്യമായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/14.2.23) മറുപടി ലഭ്യമാക്കിയില്ല. ഒരേ നമ്പറിൽ രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ

ആവിഷ്കരിക്കാനുണ്ടായ കാരണം അറിയിക്കേണ്ടതാണ്.

## 1-15 കൃഷി ഓഫീസിലേക്ക് ഇൻവെർട്ടർ - ക്വട്ടേഷൻ നടപടിക്രമങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രോജക്ട് നം.S0180/22

നിർവഹണം- കൃഷി ഓഫീസർ

അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം - 39453/-രൂപ

ചെലവ്-39000/-രൂപ (ബിൽ റെഫറൻസ് നം.2106045201940142926 തീ.24.03.2022)

മേൽ പ്രോജക്ട് പ്രകാരം കൃഷി ഓഫീസിലേക്ക് ഇൻവെർട്ടർ വാങ്ങുന്നതിനായി ക്വയലോൺ ബാറ്ററീസ് എന്ന സ്ഥാപനത്തിന് 39000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ വാങ്ങൽ നടത്തുന്നതിനായി സ്വീകരിച്ച ക്വട്ടേഷൻ നടപടിക്രമങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് എത്രയും വേഗം ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26 തീ.15.02.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക (39000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി - ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് പണം ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

പ്രോജക്ടിന്റെ പേര് : നെൽകൃഷി കൂലിച്ചെലവ് സബ്സിഡി

പ്രോജക്ട് നം. :S0046/22

അടങ്കൽ : വികസന ഫണ്ട്- 200000/-

ജില്ലാ പഞ്ചായത്ത് വിഹിതം- 200000

ചെലവ് : 400000/- (20 ബില്ലുകളായി മാറി നല്കിയത്)

നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ 2021-22സാമ്പത്തിക വർഷം നെൽകൃഷി കൂലിച്ചെലവ് സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ വെബ് സാംഖ്യയിൽ നിന്നുള്ള വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | ട്രഷറി ബിൽ റെഫറൻസ് നം. | തുക |
|---|---|---|---|
| 1 | ബാബുക്കുട്ടൻ.കെ.എൻ | 21060452019401321767 | 100 |
| 2 | ശശികുമാർ.കെ.പി | 21060452019401321767 | 394 |
| 3 | കുഞ്ഞുമോൻ.കെ.കെ | 21060452019401321785 | 100 |
| 4 | പ്രകാശ്.എൻ.ആർ | 21060452019401321785 | 200 |
| 5 | സാലി പുന്നൂസ് | 21060452019401321785 | 400 |
| 6 | സനൽ കുമാർ.റ്റി | 21060452019401321785 | 300 |
| 7 | ഉതുപ്പൻ ഏലിയാസ് | 21060452019401321785 | 1000 |
| 8 | പത്മം.കെ.പി | 21060452019401378017 | 800 |
| 9 | വിജയമ്മ.പി | 21060452019401378017 | 200 |
| 10 | ജോജോ ജോർജ് | 21060452019401378125 | 200 |
| 11 | പ്രദീപ്.വി.കെ | 21060452019401378125 | 100 |
| 12 | അബ്രഹാം ജേക്കബ് | 21060452019401378120 | 400 |
| 13 | ഷെറി സെബാസ്റ്റ്യൻ | 21060452019401378120 | 320 |
| 14 | പ്രസാദ്.കെ.രഘുവരൻ | 21060452019401378120 | 500 |
| 15 | ബിജു അബ്രഹാം | 21060452019401378096 | 200 |
| 16 | ജാൻസി തോമസ് | 21060452019401378096 | 960 |
| 17 | മാത്യു.വി.എം | 21060452019401378096 | 500 |
| 18 | പി.എ.തോമസ് | 21060452019401378096 | 400 |
| 19 | തോമസ് ആന്റണി | 21060452019401378096 | 900 |
| 20 | യോഹന്നാൻ.റ്റി.വി | 21060452019401378096 | 1000 |
| 21 | പത്മം.കെ.പി | 21060452019401377963 | 600 |
| 22 | സന്ധ്യ | 21060452019401377963 | 300 |
| 23 | വേണുപിള്ള.പി | 21060452019401377731 | 400 |
| 24 | അബ്രഹാം.പി.യു | 21060452019401377977 | 600 |
| 25 | അനന്തകൃഷ്ണൻ | 21060452019401377753 | 1000 |
| 26 | ആശാമോൾ രാധാകൃഷ്ണൻ | 21060452019401377753 | 160 |

| | | | |
|---|---|---|---|
| 27 | മേരിമോൾ പയസ് | 21060452019401377753 | 1000 |
| 28 | മോഹനൻ.വി | 21060452019401377753 | 630 |
| 29 | രാജേന്ദ്രപ്രസാദ്.യു | 21060452019401377753 | 989 |
| 30 | രഘുനാഥൻ.വി | 21060452019401377753 | 280 |
| 31 | സാബു.എ.ആർ | 21060452019401377753 | 394 |
| 32 | ശാന്തിമയി ദേവി | 21060452019401377753 | 1000 |
| 33 | സുരേഷ്.വി | 21060452019401377753 | 140 |
| 34 | ആശാമോൾ രാധാകൃഷ്ണൻ | 21060452019401377645 | 800 |
| 35 | പ്രദീഷ്.കെ | 21060452019401377645 | 470 |
| 36 | സദാനന്ദൻ | 21060452019401377645 | 340 |
| 37 | സുരേഷ്.വി | 21060452019401377645 | 300 |
| 38 | യദുശങ്കർ മുകുന്ദൻ | 21060452019401377645 | 500 |
| 39 | ബാബു ജോസഫ് | 21060452019401377634 | 800 |
| 40 | ലിൻസി റാഫി | 21060452019401377634 | 1000 |
| 41 | ലിസമ്മ ജോർജ് | 21060452019401377634 | 930 |
| 42 | മേരിമോൾ പയസ് | 21060452019401377634 | 600 |
| 43 | റെഫി ജോസ് | 21060452019401377634 | 1000 |
| 44 | എലിസബത്ത് | 21060452019401438310 | 200 |
| 45 | രമ ജഗദീശൻ | 21060452019401438310 | 400 |
| 46 | സുമതി ഗോപി | 21060452019401438310 | 1000 |
| 47 | വൽസമ്മ പാപ്പച്ചൻ | 21060452019401438310 | 720 |
| ആകെ | | | 25527 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25 തീ.15.02.2023) മറുപടി ലഭ്യമാക്കിയില്ല. അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതെ വന്ന തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ലഭ്യമാവാതിരുന്ന (25527/-രൂപ) തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 കിടാരി, പോത്ത്, ആട്ടിൻകുട്ടി -മുഴവൻ ഗുണഭോക്താക്കളിൽ നിന്നും ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

2021-22 സാമ്പത്തികവർഷം വെറ്ററിനറി സർജൻ നിർവ്വഹണം ചെയ്ത താഴെ ചേർക്കുന്ന പ്രോജക്ടുകൾ മുഖാന്തിരം കിടാരി, പോത്ത്, ആട്ടിൻകുട്ടി എന്നിവയെ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അവയെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല.വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

(എ)

| | |
|---|---|
| പ്രോജക്റ്റ് നം | S0096/22 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | കിടാരി വിതരണം |
| വകയിരുത്തൽ | |
| വികസനഫണ്ട് | 60000 |
| ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) | 60000 |
| ആകെ അടങ്കൽ | 120000 |
| ചെലവ്(സുലേഖ ചെലവ് പത്രിക പ്രകാരം) | |
| വികസനഫണ്ട് | 60000 |
| ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) | 60000 |
| ആകെ ചെലവ് | 120000 |

കിടാരികളെ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ് നം/തീയതി | എണ്ണം | നിരക്ക് | തുക | നൽകിയ തുക | ബിൽനം/ചെക്ക് നം/തീയതി |
|---|---|---|---|---|---|---|
| ജിഇഇഫാം | 239/ 8.2.22 | 4 | 12000 | 48000 | 24000 (വി.ഫ) | 295/9.2.22 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 24000 (ഗു.വി) | 2822978/8.3.22 |
| ജിഇഇഫാം | 413/ 28.2.22 | 6 | 12000 | 72000 | 36000 (വി.ഫ) | 553/2.3.22 |
| | | | | | 36000 (ഗു.വി) | 2822978/8.3.22 |
| ആകെ | | 10 | | | | |

അപാകതകൾ ചുവടെ കൊടുക്കുന്നു,

1) ആകെ വാങ്ങിയ 10 കിടാരികളിൽ താഴെ ചേർക്കുന്ന 6 പേർ കൈപ്പറ്റിയ കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പേര്, മേൽവിലാസം | വാർഡ് നം |
|---|---|---|
| 1 | പെണ്ണമ്മ, പാറയ്ക്കാട് | 5 |
| 2 | മണിയമ്മ, ചിറത്തറ,കൈനടി | 5 |
| 3 | നിഷ മനോജ്, കൈതക്കടി വടക്കേമഠം | 7 |
| 4 | കോമളം പി.ജി,കവലയിൽ, ഈര | 6 |
| 5 | ഡോളിയമ്മ മാത്യു, പുതുവീട്ടിൽ | 5 |
| 6 | ലിസമ്മ ജോർജ്, ചെറുകരത്തറ | 11 |

(ബി)

| | |
|---|---|
| പ്രോജക്ട് നം | S0175/22 |
| പ്രോജക്ടിന്റെ പേര് | പോത്ത് കിടാവ് വിതരണം |
| വകയിരുത്തൽ | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 97500 |
| ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) | 97500 |
| ആകെ അടങ്കൽ | 195000 |
| ചെലവ്(സുലേഖ ചെലവ് പത്രിക പ്രകാരം) | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 |
| ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) | 97500 |
| ആകെ ചെലവ് | 97500 |

സെന്റ് മേരീസ് ഫാം,കാഞ്ഞിരപ്പള്ളി നിന്നും 6 മാസം പ്രായമുള്ള 13 പോത്ത് കിടാവുകളെ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു(ഇൻവോയ്സ് നം71/24.3.22)

| എണ്ണം | നിരക്ക് | തുക | നൽകിയ തുക | ചെക്ക് നം/തീയതി |
|---|---|---|---|---|
| 13 | 15000 | 195000 | 97500 (ഗു.വി) | 030357/31.3.22 |

മേൽ ബില്ല് പ്രകാരം വാങ്ങിയ 13 പോത്ത് കിടാവുകളെയും ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

(സി)

| | |
|---|---|
| പ്രോജക്ട് നം | S0176/22 |
| പ്രോജക്ടിന്റെ പേര് | ആട്ടിൻകുട്ടി വിതരണം |
| വകയിരുത്തൽ | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 156000 |
| ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) | 156000 |
| ആകെ അടങ്കൽ | 312000 |
| ചെലവ്(സുലേഖ ചെലവ് പത്രിക പ്രകാരം) | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 |
| ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) | 156000 |
| ആകെ ചെലവ് | 156000 |

സെന്റ് മേരീസ് ഫാം,കാഞ്ഞിരപ്പള്ളി നിന്നും 6 മാസം പ്രായമുള്ള 52 ആട്ടിൻകുട്ടികളെ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു(ഇൻവോയ്സ് നം70/24.3.22)

| എണ്ണം | നിരക്ക് | തുക | നൽകിയ തുക | ചെക്ക് നം/തീയതി |
|---|---|---|---|---|
| 52 | 6000 | 312000 | 156000 (ഗ്ര.വി) | 030357/31.3.22 |

മേൽ ബില്ല് പ്രകാരം വാങ്ങിയ 52 ആട്ടിൻകുട്ടികളെയും ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്(8/13.2.23,9/13.2.23), പ്രീമിയം തുക ഇൻഷുറൻസ് ഓഫീസിൽ നേരിട്ട് അടവാക്കി ഇൻഷ്വറൻസ് പേപ്പർ ലഭ്യമാക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിരുന്നതാണെന്നും , എന്നാൽ 4 പേർ മാത്രമാണ് രേഖകൾ ഹാജരാക്കിയതെന്നും വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കി. ഭാവിയിൽ വളർത്തുമൃഗങ്ങളെ ഗുണഭോക്താക്കൾ ഇൻഷ്വർ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തി രേഖകൾ ലഭ്യമാക്കി ഇത്തരം പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്.

## 1-18 ചെലവ് രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) 2021-22ൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം /ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ്/അലോട്ട്മെന്റ് നം/തീയതി |
|---|---|---|
| 1 | S0087/22-കോവിഡ് 19 മരുന്നും ഉപകരണങ്ങളും വാങ്ങൽ(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>ആകെ ചെലവ്-826862/- | 1) 3/10.5.2021-138600/- |
| 2 | S0040/22-പി.എച്ച് .സി.യിലേക്ക് മരുന്ന് വാങ്ങൽ(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>ആകെ ചെലവ്-218912/- | 1)36/26.7.2021-59995/- |
| ആകെ | 1045774/- | 198595/- |

ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം (20/14.2.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ ചെലവ് തുകയായ 198595/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 പി.എം.എ.വൈ.വിഹിതം നൽകൽ - ധന വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

2021-22 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്നും 70000/-രൂപ വകയിരുത്തി വി.ഇ.ഒ. ചേന്നങ്കരി സർക്കിൾ നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് പി.എം.എ.വൈ.വിഹിതം നൽകൽ (പ്രോജക്ട് നം S0167/22). പ്രോജക്ട് പ്രകാരം വെളിയനാട് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 799013100000741 നം.അക്കൗണ്ടിൽ 70000/-രൂപ നൽകി( ബിൽ റഫറൻസ് നം.21060452023601423236/23.3.22). എന്നാൽ ധന വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/13.2.23) മറുപടി ലഭ്യമാക്കിയില്ല.വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 70000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഭവന നിർമ്മാണം - പൂർത്തീകരിച്ചില്ല.

2021-22 സാമ്പത്തികവർഷം വി.ഇ.ഒ. ചേന്നങ്കരി സർക്കിൾ നിർവ്വഹണം ചെയ്ത ലൈഫ് ഭവന പദ്ധതി(പ്രോജക്ട് നം S0036/22) എന്ന പ്രോജക്ടിന്റെ വകയിരുത്തലിന്റെയും ചെലവിന്റെയും വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2807600 | 1180000 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 5000000 | 400000 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 1500000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1500000 | 0 |
| മറ്റുള്ളവ | 5000000 | 0 |
| ആകെ | 15807600 | 1580000 |

പ്രോജക്ട്ഫയൽ,ബില്ലുകൾ, എന്നിവ പരിശോധിച്ചതിൽ, താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. മേൽ പ്രോജക്ട് പ്രകാരം കൈപ്പറ്റിയ തുക, നാളിതുവരെ കൈപ്പറ്റിയ തുക എന്നിവ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | വാർഡ് നം | കൈപ്പറ്റിയ തുക | ബിൽ നം./തീയതി/ ഫണ്ടിനം | നാളിതുവരെ ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | സാലിമോൾ അപ്പച്ചൻ, തൊണ്ണൂറിൽച്ചിറ | 1 | 100000 | 799/28.9.21 വികസനഫണ്ട് | 300000 |

| | | | | | |
|---|---|---|---|---|---|
| 2 | രഹനമോൾ, കിഴക്കുംവേലിൽ | 1 | 160000 | 1444/11.1.22 വികസനഫണ്ട് | 300000 |

മേൽ ഗുണഭോക്താക്കളുടെ ഫയലിൽ നിന്നും ഭവന നിർമ്മാണം ലിന്റൽപൊക്കം വരെ ആയതായി കാണുന്നു.പ്രവൃത്തി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/13.2.23)മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി- ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

2021-22 സാമ്പത്തികവർഷം വി.ഇ.ഒ. ചേന്നങ്കരി സർക്കിൾ നിർവ്വഹണം ചെയ്ത ലൈഫ് ഭവന പദ്ധതി, എസ്.സി (പ്രോജക്ട് നം S0037/22) എന്ന പ്രോജക്ടിന്റെ വകയിരുത്തലിന്റെയും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവിന്റെയും വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 499000 | 385000 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 500000 | 140000 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 500000 | 0 |
| ആകെ | 1999000 | 525000 |

പ്രോജക്ട്ഫയൽ,ബില്ലുകൾ, എന്നിവ പരിശോധിച്ചതിൽ, സംസ്ഥാനാവിഷ്കൃതഫണ്ടിൽ നിന്നുള്ള 140000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/13.2.23)മറുപടി ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 140000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 കക്കൂസ് മെയിന്റനൻസ് - അപാകതകൾ

2021-22 സാമ്പത്തികവർഷം വി.ഇ.ഒ. നീലംപേരൂർ നിർവ്വഹണം ചെയ്ത കക്കൂസ് മെയിന്റനൻസ് ,എസ്.സി.പി(പ്രോജക്ട് നം S0105/22) എന്ന പ്രോജക്ടിന്റെ വകയിരുത്തലിന്റെയും ചെലവിന്റെയും വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 220480 | 55120 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 260000 | 85000 |
| ആകെ | 480480 | 140120 |

വികസനഫണ്ട് (എസ്.സി.പി)യിൽ നിന്ന് 4240/-രൂപയും,സംസ്ഥാനാവിഷ്കൃതഫണ്ടിൽ നിന്ന് 5000 രൂപയും ഒട്ടാകെ 9240/-രൂപയാണ് കക്കൂസ് മെയിന്റനൻസിനായി നൽകുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, തുക മാറി നൽകിയ ബില്ലുകൾ, എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ സംസ്ഥാനാവിഷ്കൃതഫണ്ടിൽ നിന്നുള്ള 5000/-രൂപ മുൻകൂറായി കൈപ്പറ്റി.എന്നാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | വാർഡ് നം | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ശാന്തമ്മ അച്ചുതൻ കണ്ണങ്കരിച്ചിറ | 11 | 5000 | 30.3.22 |
| 2 | ഇന്ദിര മുണ്ടകപ്പാടം | 12 | 5000 | 30.3.22 |
| 3 | തങ്കമ്മ പൊന്നപ്പൻ വേനാട്ടിപറമ്പിൽ | 5 | 5000 | 30.11.21 |

മുൻകൂർ തുക കൈപ്പറ്റിയിട്ടും മേൽ ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21/14.2.23)മറുപടി ലഭ്യമാക്കിയില്ല.പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.15000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

2021-22 സാമ്പത്തികവർഷം വികസനഫണ്ട് (എസ്.സി.പി)യിൽ 700000/-രൂപ വകയിരുത്തി വി.ഇ.ഒ. നീലംപേരൂർ നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് എസ്. സി.പഠനമുറി (പ്രോജക്ട് നം S0035/22).ഗുണഭോക്താക്കളുടെ അപേക്ഷകൾ, പ്രോജക്ട് ഫയൽ, തുക മാറിയ ബില്ലുകൾ എന്നിവ പരിശോധിച്ചത് പ്രകാരം,ജിഷ.കെ.ജി, തുണ്ടിയിൽ, വാർഡ്-5 എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.ഗുണഭോക്താവ് തുക കൈപ്പറ്റിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കൈപ്പറ്റിയ തുക | ബിൽ നം/തീയതി |
|---|---|---|
| 1 | 50000 | 981/26.11.21 |
| 2 | 25000 | 647/23.12.21 |

| | | |
|---|---|---|
| 3 | 15000 | 897/15.2.22 |
| ആകെ | 90000/- | |

മേൽ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/14.2.23)മറുപടി ലഭ്യമാക്കിയില്ല. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 90000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ആർ.ഒ.പ്ലാന്റുകൾക്ക് കറന്റ് കണക്ഷൻ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല.

പ്രോജക്ട് നം.S0196/22

പ്രോജക്റ്റിന്റെ പേര്: ആർ.ഒ.പ്ലാന്റുകൾക്ക് കറന്റ് കണക്ഷൻ
നിർവ്വഹണം: സെക്രട്ടറി

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 150000/-രൂപ

ചെലവ്- 46444/-രൂപ

(1.ബിൽ റെഫറൻസ് നം.216045201890152 3629 തീ.30.03.2022- 7962/- രൂപ

2.ബിൽ റെഫറൻസ് നം.216045201890145 4241 തീ.24.03.2022- 38482/- രൂപ )

നീലംപേരൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ ആർ.ഒ പ്ലാന്റുകളിൽ കറന്റ് കണക്ഷൻ എടുക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പുഞ്ച സെക്ഷൻ ഓഫീസിലേയ്ക്ക് മേൽ ബില്ലുകൾ പ്രകാരം 46444/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29 തീ.16.02.2023) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 46444/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-25 പത്രപ്പരസ്യം നിർദിഷ്ട വലിപ്പത്തിലല്ല- അധിക ചെലവ്

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./ തീയ്യതി | പത്രം / ഇൻവോയിസ് നം | നല്കിയ പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | പരസ്യ നിരക്ക് | ആകെ നൽകിയ തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 210604520 18901521246/ 30.03.2022 | ALP/21-22 /02742 തീ.210.06.2021 ദേശാഭിമാനി | 32sq Cm | 180 | 4896+ (Gst-245) = 5141 | 24cm@180 =4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672<br>+5% GST<br>3672+184=<br>3856 | 5141-3856 = 1285 |
| 210604520 18901454227/ 24.03.2022 | ALP/21-22/0942 തീ.27.10.2021 ദേശാഭിമാനി | 32sq Cm | 180 | 4896+ (Gst-245) = 5141 | 24cm@180 =4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672<br>+5% GST<br>3672+184=<br>3856 | 5141-3856 = 1285 |
| 210604520 18901126185/ 15.02.2022 | ALP/21-22/1682 തീ.18.01.2022 ദേശാഭിമാനി | 32sq Cm | 180 | 4896+ (Gst-245) = 5141 | 24cm@180 =4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672 | 5141-3856 = 1285 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | +5% GST<br>3672+184=<br>3856 | |
| | ALP/21-22/1156<br>തീ.19.11.2021<br>ദേശാഭിമാനി | 32sq Cm | 180 | 4896+<br>(Gst-245)<br>= 5141 | 24cm@180<br>=4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672<br>+5% GST<br>3672+184=<br>3856 | 5141-3856<br>=<br>1285 |
| | ആകെ | | | | | 5140/- |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം 5140/- രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-30 തീ.16.02.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 5140/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്റ്റിന്റെ പേര് : ഐ.കെ.എം വിഹിതം നൽകൽ

പ്രോജക്റ്റ് നം. :S0002/22

അടങ്കൽ : വികസന ഫണ്ട് - 70187/-

ചെലവ് : 70187/- (ബിൽ റെഫറൻസ് നം.21060452018900279350തീയതി.09.08.2021)

നിർവഹണം: സെക്രട്ടറി

നീലംപേരൂർ ഗ്രാമ പഞ്ചായത്തിന്റെ ഐ.കെ.എം-നുള്ള വിഹിതമായി 70187/- രൂപ മേൽ ബിൽ പ്രകാരം ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29 തീ.16.02.2023) മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (70187/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കുടിവെള്ള വിതരണം സർക്കാർ നിർദേശിച്ച പരിധിയിൽ അധികരിച്ച് തുക ചെലവഴിച്ചു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 15.02.2021ലെ 446/2021/LSGD നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ചെലവഴിക്കാവുന്ന പരമാവധി തുക നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 01.04.2021 മുതൽ 31.05.2021 വരെ ചെലവഴിക്കാവുന്ന തുക 11 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയതിന് 2021-22 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം ആകെ 1831654/-രൂപ ചെലവഴിച്ചിട്ടുണ്ട്.

1.പ്രോജക്ട് നം.S0005/22

പ്രോജക്ടിന്റെ പേര്-കുടിവെള്ള വിതരണം

ചെലവഴിച്ച തുക-864272/-രൂപ (വികസന ഫണ്ട്)

1).ബിൽ റെഫറൻസ് നം.21060452018900086857 തീ.26.05.2021- 511732/-രൂപ

2).ബിൽ റെഫറൻസ് നം.21060452018900150508 തീ.25.06.2021- 352540/-രൂപ

2.പ്രോജക്ട് നം.S0090/22

പ്രോജക്ടിന്റെ പേര്-കുടിവെള്ള വിതരണം

ചെലവഴിച്ച തുക-967382/-രൂപ (ഇ-ഗ്രാം സ്വരാജ് ട്രാൻസാക്ഷൻ ഐ.ഡി-0046EATPAYREQ2309202112258 തീ.23.09.2021)

ആകെ - 1831654/-രൂപ

സർക്കാർ നിർദേശാനുസരണം 01.04.2021 മുതൽ 31.05.2021 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 11 ലക്ഷം രൂപയായിരുന്നു. എന്നാൽ മേൽ രണ്ട് പദ്ധതികളിലായി ആകെ 1304582/-രൂപ (337200+967382) ഈ കാലയളവിലെ കുടിവെള്ള വിതരണത്തിനായി ചെലവഴിച്ചിരിക്കുന്നു.

സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിക്കാനുള്ള സാഹചര്യം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/16.02.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സർക്കാർ ഉത്തരവിലെ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുകയേക്കാൾ അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പാടില്ലായെന്ന് കർശനമായും ഉത്തരവിൽ നിർദേശിച്ചിരുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമായി ചെലവഴിച്ച 204582/-രൂപയുടെ (1304582-1100000) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-28 എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾ - നിർദിഷ്ട മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കുന്നില്ല

1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ ,ആക്ട് 17 പ്രകാരമാണ് വിവിധ കരാറുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിച്ചിട്ടുള്ളത്. കേരള ഫിനാൻസ് ആക്ട് പ്രകാരമാണ് ഓരോ വർഷവും സ്റ്റാമ്പ് ആക്ടിലെ വിവിധ ആവശ്യങ്ങൾക്കുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഭേദഗതികൾ വരുത്തി വരുന്നത്. 2018ലെ ഫിനാൻസ് ആക്ട് പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ വരുത്തിയ ഭേദഗതി പ്രകാരം മരാമത്ത് പ്രവർത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി 01-04-2018 മുതൽ ഓരോ 1000/- രൂപയ്ക്കും 1 രൂപ എന്ന തോതിൽ നിരക്ക് നിശ്ചയിച്ചു. കുറഞ്ഞത് 200 രൂപയുടേയും,കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ 2021-22 സാമ്പത്തികവർഷം തുക മാറി നൽകിയിട്ടുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളിൽ താഴെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ ഈ നിയമം അനുശാസിക്കുന്ന തുകയ്ക്കുള്ള മുദ്ര പത്രത്തിൽ കരാർ വെച്ചിട്ടില്ല. ഈയിനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് (വർക്ക് കോഡ്) | കരാറുകാരന്റെ പേര്, എം.ബുക്ക് നം. | കരാർ തുക | ഈടാക്കേണ്ട മുദ്രപത്ര വില | ഈടാക്കിയ മുദ്രപത്ര വില | കുറവ് | എഫ്.ടി.ഒ. നം/തീയതി |
|---|---|---|---|---|---|---|---|
| 1 | ലൂർദ്മാതാ പള്ളി മുതൽ കൊട്ടപ്പള്ളി യിലേക്കുള്ള റോഡ് മണ്ണിട്ടുയർത്തി കോൺക്രീറ്റിംഗ് റീച്ച്-1 (1611012003/RC/332951) | യോഹന്നാൻ.റ്റി.വി 272/21-22 | 440600 | 440 | 200 | 240 | 16957/ 6.4.22 |
| 2 | തൊട്ടകയിൽ റോഡ് മണ്ണിട്ടുയർത്തൽ (1611012003/RC/332950) | യോഹന്നാൻ.റ്റി.വി 85/21-22 | 323600 | 330 | 200 | 130 | 16378/ 14.1.22 |
| ആകെ കുറവ് | | | | | | 370 | |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/16.2.23) മറുപടി ലഭ്യമാക്കിയില്ല.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 എം.ജി.എൻ.ആർ.ഇ.ജി.എസ്.പ്രവൃത്തികൾ -കരാറുകാരിൽ നിന്നും ആദായ നികുതി, ജി.എസ്.ടി.എന്നിവ സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല

1)1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി.ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി . എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ മെറ്റിരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 0.75% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.

2)കേന്ദ്ര ധനമന്ത്രാലയത്തിന്റെ 13.09.2018 ലെ വിജ്ഞാപനം നം.50/2018 Central Tax പ്രകാരം ജി.എസ്.ടി.കിഴിവ് നടത്തുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ 01.10.2018 മുതൽ ജി.എസ്.ടി. ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനുശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 250000/- ൽ അധികമായാൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി.കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ ആയത് ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് (വർക്ക് കോഡ്) | കരാറുകാരന്റെ പേര്, എം.ബുക്ക് നം. | എം.ബുക്ക് പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക | ഈടാക്കേണ്ട ആദായ നികുതി(0.75%) | ഈടാക്കേണ്ട ജി.എസ്.ടി(2%) | എഫ്.ടി.ഒ. നം /തീയതി |
|---|---|---|---|---|---|---|
| 1 | വാഴൂത്ര റോഡ് കോൺക്രീറ്റിംഗ് റീച്ച്-1 (1611012003/RC /331730) | ചാക്കോ എബ്രഹാം 324/21-22 | 396015 | 2970 | 7920 | 21688/ 10.1.22 |
| 2 | വാഴൂത്ര റോഡ് കോൺക്രീറ്റിംഗ് റീച്ച്-2 (1611012003/RC /331731) | ചാക്കോ എബ്രഹാം 325/21-22 | 393298 | 2950 | 7866 | 21683/ 10.1.22 |
| 3 | പഴയകളം പള്ളിപ്പാടം റോഡ് കോൺക്രീറ്റിംഗ് റീച്ച്-1 (1611012003/RC /332726) | ചാക്കോ എബ്രഹാം 111/21-22 | 412965 | 3097 | 8259 | 16174/ 8.2.23 |
| 4 | പഴയകളം പള്ളിപ്പാടം റോഡ് കോൺക്രീറ്റിംഗ് റീച്ച്-2 (1611012003/RC /332727) | ചാക്കോ എബ്രഹാം 112/21-22 | 425643 | 3192 | 8513 | 16200/ 5.4.22 |
| 5 | സൊസൈറ്റി പാലം മുതൽ പള്ളി റോഡ് വരെ റോഡ് കോൺക്രീറ്റിംഗ് (1611012003/RC /332899) | പി.ജെ.ജോസഫ് 271/21-22 | 56967 | 427 | - | 16944/ 6.11.22 |
| 6 | പാറേപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് (1611012003/RC /332736) | ചാക്കോ എബ്രഹാം 54/21-22 | 407723 | 3058 | 8154 | 16189/ 8.2.23 |
| 7 | പാറേപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് റീച്ച് - 2 (1611012003/RC /332736) | ചാക്കോ എബ്രഹാം 53/21-22 | 309564 | 2322 | 6191 | 16193/ 8.2.23 |

| | | | | | | |
|---|---|---|---|---|---|---|
| 8 | കുറവഞ്ചി റോഡ് കോൺക്രീറ്റിംഗ് റീച്ച്-1 (1611012003/RC /332865) | യോഹന്നാൻ. റ്റി.വി 318/21-22 | 282289 | 2117 | 5646 | 22694/ 10.1.23 |
| 9 | ആർവിഎൽപിസ്കൂൾ റോഡ് കോൺക്രീറ്റിംഗ് (1611012003/RC /331732) | ചാക്കോ എബ്രഹാം 41/21-22 | 322798 | 2421 | 6456 | 16198/ 13.10.21 |
| 10 | ആലപ്പത്തറ പുതുവീട് വരെ റോഡ് കോൺക്രീറ്റിംഗ് (1611012003/RC /332729) | ചാക്കോ എബ്രഹാം 4/21-22 | 417092 | 3128 | 8342 | 70515/ 1.10.21 |
| 11 | എസ്.എൻ.ഡി.പി. റോഡ് കോൺക്രീറ്റിംഗ് റീച്ച്-1 (1611012003/RC /332730) | ചാക്കോ എബ്രഹാം 3/21-22 | 309810 | 2324 | 6196 | 16201/ 1.10.21 |
| 12 | ലൂർദ്മാതാ പള്ളി മുതൽ കൊട്ടപ്പള്ളി യിലേക്കുള്ള റോഡ് മണ്ണിട്ടുയർത്തി കോൺക്രീറ്റിംഗ് റീച്ച്-1 (1611012003/RC /332951) | യോഹന്നാൻ. റ്റി.വി 272/21-22 | 431788 | 3238 | 8636 | 16957/ 6.4.22 |
| 13 | തൊട്ടുകയിൽ റോഡ് മണ്ണിട്ടുയർത്തൽ (1611012003/RC /332950) | യോഹന്നാൻ .റ്റി.വി 85/21-22 | 317228 | 2379 | 6345 | 16378/ 14.1.22 |
| 14 | ഹോളിഫാമിലി ചർച്ച് മുതൽ 18ൽ ചിറ കുട്ടപ്പന്റെ വസതി വരെ റോഡ് കോൺക്രീറ്റിംഗ് (1611012003/RC /332953) | പി.ജെ.ജോസഫ് 295/21-22 | 99748 | 748 | - | 16827/ 13.4.22 |
| 15 | വില്യാർവട്ടം അറയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് (1611012003/RC /332954) | പി.ജെ.ജോസഫ് 302/21-22 | 163692 | 1228 | - | 16228/ 14.1.22 |
| 16 | കോമല്ലൂർ മുതൽ ആശാനിലയം വരെ നടപ്പാത കോൺക്രീറ്റിംഗ് (1611012003/RC /332949) | പ്രദീപ്കുമാർ 46/21-22 | 206438 | 1548 | - | 16371/ 14.1.22 |
| 17 | പുതുപ്പറമ്പ് മുതൽ ഷാപ്പുചിറ റോഡ് കോൺക്രീറ്റിംഗ് (1611012003/RC /332945) | പി.ജെ.ജോസഫ് 5/21-22 | 181554 | 1362 | - | 75482/ 13.10.21 |
| 18 | മാളിയേയ്ക്കൽ മുതൽ കണ്ടത്തുശ്ശേരി വരെ റോഡ് കോൺക്രീറ്റിംഗ് | രാജേഷ്.പി.എച്ച് 39/21-22 | 313434 | 2351 | 6269 | 16751/ 6.4.22 |

| | | | | | | |
|---|---|---|---|---|---|---|
| | റീച്ച് - 1 (1611012003/RC /332720) | | | | | |
| 19 | മാളിയേയ്ക്കൽ മുതൽ കണ്ടത്തുശ്ശേരി വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് - 2 (1611012003/RC /332902) | രാജേഷ്.പി.എച്ച് 40/21-22 | 288439 | 2163 | 5769 | 16754/ 13.4.22 |
| 20 | മാളിയേയ്ക്കൽ മുതൽ പത്തിൽ പി.പി.സാബുവിന്റെ വസതി വരെ റോഡ് കോൺക്രീറ്റിംഗ് (1611012003/RC /332719) | പി.ജെ.ജോസഫ് 301/21-22 | 326051 | 2445 | 6521 | 16838/ 6.6.22 |
| 21 | അനീഷ്ഭവനം മുതൽ പന്നിക്കാത്തറ ക്ഷേത്രം വരെ റോഡ് കോൺക്രീറ്റിംഗ് (1611012003/RC /332725) | രാജേഷ്.പി.എച്ച് 38/21-22 | 356947 | 2677 | 7139 | 16748/ 23.8.22 |
| ആകെ | | | | 48145 | 114222 | |

മേൽ പട്ടികയിൽ ഉൾപ്പെട്ട കരാറുകാരിൽ നിന്നും ആദായ നികുതി, ജി.എസ്.ടി.എന്നിവ സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.28/16.2.23) മറുപടി ലഭ്യമാക്കിയില്ല.ആകെ ഈടാക്കാനുള്ള തുക കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 ലാന്റ് റിലിങ്ക്വിഷ് മെന്റ് തുടർനടപടികൾ സ്വീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | : S0113/22 |
| പ്രോജക്ടിന്റെ പേര് | : പുതുവൽമുട്ട് നടപ്പാത മെയിന്റനൻസ് |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.ശ്രീജിത്ത്.റ്റി.കെ |
| ചെലവ് | 147872/- രൂപ, (1.ബിൽ റെഫറൻസ് നം.21060452019801513247 തീ.28.03.2022) |

നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ മേൽ പദ്ധതിക്കായി വസ്തു ഉടമകളിൽ നിന്നും ഭൂമി വിട്ടുനല്കുന്നതിനായുള്ള അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ലഭിച്ച അപേക്ഷകൾ 1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരം ആർ.ഡി.ഒ-യ്ക്ക് സമർപ്പിച്ചതായോ തദനുസരണമായ ഉത്തരവുകൾ നേടിയെടുത്തതായോ രേഖകൾ ഫയലിൽ ലഭ്യമല്ല. മേൽ പദ്ധതിക്കായി വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ പേരിൽ കൂട്ടിചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീ.14.02.2023) മറുപടി ലഭ്യമാക്കിയില്ല. വിട്ടു കിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനുള്ള നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല.

| | |
|---|---|
| പ്രോജക്ട് നം. | : S0111/22 |
| പ്രോജക്ടിന്റെ പേര് | : എയറോബിക് കമ്പോസ്റ്റ് |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : വാട്ടർ വേൾഡ് കൺസൾട്ടൻസി & സൊല്യൂഷൻസ് |
| അടങ്കൽ | : 1200000/-രൂപ (എക്സ്റ്റേണലി എയ്ഡഡ് പ്രോജക്ട്) |
| ചെലവ് | 547968/- രൂപ (1.ചെക്ക് നം.564728 തീ.30.03.2022) |

നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം ആരംഭിച്ച് 2021-22 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയ പ്രോജക്ടാണ് എയറോബിക് കമ്പോസ്റ്റ്. പഞ്ചായത്തിലെ 2, 7 വാർഡുകളിലായി എയറോബിക് കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ വാർഡ് 2-ലെ കമ്പോസ്റ്റ് യൂണിറ്റ് മാത്രം നിർമാണം പൂർത്തിയാക്കി ഫൈനൽ ബിൽ നല്കിയതായി കാണുന്നു. പ്രവർത്തി പൂർത്തീകരിച്ച രണ്ടാം വാർഡിലെ കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായോയെന്ന വിവരം അറിയിക്കുവാനും, 7-ാം വാർഡിലെ കമ്പോസ്റ്റ് യൂണിറ്റ് പണികഴിപ്പിക്കാതെ പ്രവർത്തിയുടെ ഫൈനൽ ബിൽ നല്കാനുണ്ടായ കാരണവും അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17 തീ.14.02.2023) മറുപടി ലഭ്യമാക്കിയില്ല. രണ്ടാം വാർഡിൽ പണികഴിപ്പിച്ച എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ലായെന്നാണ് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ മറുപടി ലഭ്യമാക്കിയത്. ടി യൂണിറ്റ് പ്രവർത്തനക്ഷമമാകും വരെ നിർമാണത്തിനായി ചെലവഴിച്ച 547968/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-32 യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% (മിനിമം-1000/- രൂപ, മാക്സിമം- 25000/- രൂപ) ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ താഴെപ്പറയുന്ന പ്രവൃത്തിയുടെ കരാറുകാർ അനുവദിക്കപ്പെട്ട സമയപരിധിക്ക് ശേഷമാണ് കരാറിൽ ഏർപ്പെട്ടതെന്ന് കാണുന്നു. എന്നാൽ പ്രസ്തുത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കാതിരുന്നതു മൂലം പഞ്ചായത്തിന് താഴെപ്പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | : S0113/22 |
| പ്രോജക്ടിന്റെ പേര് | : പുതുവൽമുട്ട് നടപ്പാത മെയിന്റനൻസ് |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.ശ്രീജിത്ത്.റ്റി.കെ |
| എഗ്രീഡ് പി.എ.സി | : 149741/- രൂപ |
| സെലക്ഷൻ നോട്ടീസ് നം./ തീയതി | : എ.2/2879/2021 തീ.17.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെടേണ്ടിയിരുന്ന തീയതി | : 31.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി | : 10.09.2021 (നം.35/AE/NPR/2019-20) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 1497/-രൂപ |
| ചെലവ് | 147872/- രൂപ,<br>(1.ബിൽ റെഫറൻസ് നം.21060452019801513247 തീ.28.03.2022) |

ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് 1497/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി വിവരം അറിയിക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീ.14.02.2023 ) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-33 മഴക്കാല പൂർവ്വശുചീകരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി 10000/-രൂപ വീതം 13 വാർഡുകൾക്കായി 130000/-രൂപ ചെക്ക് നം .564727/23.3.2022 പ്രകാരം മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്.സി)നൽകിയിട്ടുണ്ട് .ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(19/14.2.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 130000/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ആവശ്യമായ വർദ്ധനവ് നല്കാതെ നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ആവശ്യമായ വർദ്ധനവുകളും ഇളവുകളും നല്കിയാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത് .പഞ്ചായത്തിന്റെ നികുതി നിർണ്ണയഫയലുകൾ പരിശോധിച്ചതിൽ കിഷോർ കുമാർ ,കുഴിക്കണ്ടം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് PWD റോഡിൽ നിന്നും

വഴിസൌകര്യമുള്ളതായി സൈറ്റ് പ്ളാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5മീറ്ററിൽകൂടുതൽ വഴി സൌകര്യത്തിനുള്ള 20% വർദ്ധനവ് നല്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്

| പേര് /വിലാസം | കെട്ടിടത്തിന്റെ ഗണം/വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| കിഷോർ കുമാർ ,കുഴിക്കണ്ടം (രവീന്ദ്രൻ.എം.എൻ) 12/148B | 100 ച.മീറ്റർ വരെയുള്ള വാണിജ്യാവശ്യകെട്ടിടം 77.05m2 | 77.05@50=3852.5 ദ്വിതീയ മേഘല ഇളവ്-10% =385.25 ആകെ നികുതി=3468 | 77.05@50=3852.5 ദ്വിതീയ മേഘല ഇളവ്-10% =385.25 വഴി സൌകര്യം വർദ്ധനവ് 20%=770.4 ആകെ നികുതി=4238 | 770/- |
| കിഷോർ കുമാർ ,കുഴിക്കണ്ടം (രവീന്ദ്രൻ.എം.എൻ) 12/148C | പാർപ്പിടാവശ്യം 84.07m2 | 84.27@6=505.6 ദ്വിതീയ മേഘല ഇളവ്-10% =50.56 ആകെ നികുതി=456 | 84.27@6=505.6 ദ്വിതീയ മേഘല ഇളവ്-10% =50.56 വഴി സൌകര്യം വർദ്ധനവ് 20%=101 ആകെ നികുതി=557 | 101 |
| ആകെ | | | | 871/- |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.21/14.2.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പത്രപ്പരസ്യം നിർദിഷ്ട വലിപ്പത്തിലല്ല- അധിക ചെലവ്

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./ തീയ്യതി | പത്രം / ഇൻവോയിസ് നം | നല്കിയ പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | പരസ്യ നിരക്ക് | ആകെ നൽകിയ തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 21060452018901521246/ 30.03.2022 | ALP/21-22 /02742 തീ.210.06.2021 ദേശാഭിമാനി | 32sq Cm | 180 | 4896+ (Gst-245) = 5141 | 24cm@180 =4320 15% ഡിസ്കൗണ്ട്= 648 4320-648 =3672 +5% GST | 5141-3856 = 1285 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 3672+184=<br>3856 | |
| 21060452018901454227/<br>24.03.2022 | ALP/21-22/0942<br>തീ.27.10.2021<br>ദേശാഭിമാനി | 32sq Cm | 180 | 4896+<br>(Gst-245)<br>= 5141 | 24cm@180<br>=4320<br>15%<br>ഡിസ്കൗണ്ട്=<br>648<br>4320-648<br>=3672<br>+5% GST<br>3672+184=<br>3856 | 5141-3856<br>=<br>1285 |
| 21060452018901126185/<br>15.02.2022 | ALP/21-22/1682<br>തീ.18.01.2022<br>ദേശാഭിമാനി | 32sq Cm | 180 | 4896+<br>(Gst-245)<br>= 5141 | 24cm@180<br>=4320<br>15%<br>ഡിസ്കൗണ്ട്=<br>648<br>4320-648<br>=3672<br>+5% GST<br>3672+184=<br>3856 | 5141-3856<br>=<br>1285 |
| | ALP/21-22/1156<br>തീ.19.11.2021<br>ദേശാഭിമാനി | 32sq Cm | 180 | 4896+<br>(Gst-245)<br>= 5141 | 24cm@180<br>=4320<br>15%<br>ഡിസ്കൗണ്ട്=<br>648<br>4320-648<br>=3672<br>+5% GST<br>3672+184=<br>3856 | 5141-3856<br>=<br>1285 |
| | ആകെ | | | | | 5140/- |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം 5140/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-30 തീ.16.02.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 5140/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 കുടിവെള്ള വിതരണം സർക്കാർ നിർദേശിച്ച പരിധിയിൽ അധികരിച്ച് തുക ചെലവഴിച്ചു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 15.02.2021ലെ 446/2021/LSGD നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ചെലവഴിക്കാവുന്ന പരമാവധി തുക നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 01.04.2021 മുതൽ 31.05.2021 വരെ ചെലവഴിക്കാവുന്ന തുക 11 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയതിന് 2021-22 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം ആകെ 1831654/-രൂപ ചെലവഴിച്ചിട്ടുണ്ട്.

1.പ്രോജക്റ്റ് നം.S0005/22

പ്രോജക്ടിന്റെ പേര്-കുടിവെള്ള വിതരണം

ചെലവഴിച്ച തുക-864272/-രൂപ (വികസന ഫണ്ട്)

1.ബിൽ റെഫറൻസ് നം.21060452018900086857 തീ.26.05.2021- 511732/-രൂപ

2.ബിൽ റെഫറൻസ് നം.21060452018900150508 തീ.25.06.2021- 352540/-രൂപ

2.പ്രോജക്റ്റ് നം.S0090/22

പ്രോജക്ടിന്റെ പേര്-കുടിവെള്ള വിതരണം

ചെലവഴിച്ച തുക-967382/-രൂപ (ഇ-ഗ്രാം സ്വരാജ് ട്രാൻസാക്ഷൻ ഐ.ഡി-0046EATPAYREQ2309202112258 തീ.23.09.2021)

ആകെ - 1831654/-രൂപ

സർക്കാർ നിർദേശാനുസരണം 01.04.2021 മുതൽ 31.05.2021 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 11 ലക്ഷം രൂപയായിരുന്നു. എന്നാൽ മേൽ രണ്ട് പദ്ധതികളിലായി ആകെ 1304582/-രൂപ (337200+967382) ഈ കാലയളവിലെ

കുടിവെള്ള വിതരണത്തിനായി ചെലവഴിച്ചിരിക്കുന്നു.

സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിക്കാനുള്ള സാഹചര്യം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/16.02.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സർക്കാർ ഉത്തരവിലെ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുകയേക്കാൾ അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പാടില്ലായെന്ന് കർശനമായും ഉത്തരവിൽ നിർദേശിച്ചിരുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമായി ചെലവഴിച്ച 204582/-രൂപയുടെ (1304582-1100000) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% (മിനിമം-1000/- രൂപ, മാക്സിമം- 25000/- രൂപ) ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ താഴെപ്പറയുന്ന പ്രവൃത്തിയുടെ കരാറുകാർ അനുവദിക്കപ്പെട്ട സമയപരിധിക്ക് ശേഷമാണ് കരാറിൽ ഏർപ്പെട്ടതെന്ന് കാണുന്നു. എന്നാൽ പ്രസ്തുത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കാതിരുന്നതു മൂലം പഞ്ചായത്തിന് താഴെപ്പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | : S0113/22 |
| പ്രോജക്ടിന്റെ പേര് | : പുതുവൽമുട്ട് നടപ്പാത മെയിന്റനൻസ് |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.ശ്രീജിത്ത്.റ്റി.കെ |
| എഗ്രീഡ് പി.എ.സി | : 149741/- രൂപ |
| സെലക്ഷൻ നോട്ടീസ് നം./ തീയതി | : എ.2/2879/2021 തീ.17.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെടേണ്ടിയിരുന്ന തീയതി | : 31.08.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി | : 10.09.2021 (നം.35/AE/NPR/2019-20) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 1497/-രൂപ |
| ചെലവ് | 147872/- രൂപ,<br>(1.ബിൽ റെഫറൻസ് നം.21060452019801513247 തീ.28.03.2022) |

ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് 1497/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി വിവരം അറിയിക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14 തീ.14.02.2023 ) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 123809 | അനുപൂരക പോഷകാഹാരം | 123809 | |
| | 2021-22 | 204455 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 204455 | |
| ആകെ | | 328264 | | 328264 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 100000 | |
| | 2021-22 | 141095 | ശാരീരിക | 141095 | |

| | | | | | |
|---|---|---|---|---|---|
| | | | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| | 2021-22 | 200000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 200000 | |
| | ആകെ | 441095 | | 441095 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ആർ.ഒ.പ്ലാന്റുകൾക്ക് കറന്റ് കണക്ഷൻ | 1.ബിൽ റെഫറൻസ് നം.2160452018901523629 തീ.30.03.2022- 7962/-രൂപ 2.ബിൽ റെഫറൻസ് നം.2160452018901454241 തീ.24.03.2022- 38482/-രൂപ | 46444 | | 46444 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | | 11797653 | 1569333 | | 10228320 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50934559 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47560797 |
| വരവിനങ്ങളിലുള്ള നഷ്ടം | 871 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 211219 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1372721 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 871 | | ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി |
| 3-1 | | 5140 | ശ്രീമതി. ജയലത.വി. സെക്രട്ടറി |
| 3-2 | | 204582 | ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി |
| 3-3 | | 1497 | ശ്രീമതി .അജിത അനീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 871 | 211219 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 39000 | ശ്രീമതി.ശ്രുതി.പി.എൽ, കൃഷി ഓഫീസർ |
| 1-16 | 25527 | ശ്രീമതി.ശ്രുതി.പി.എൽ, കൃഷി ഓഫീസർ |
| 1-18 | 198595 | ഡോ.എലിസബത്ത് രാജൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-19 | 70000 | ശ്രീ.സതീഷ് കുമാർ, വി.ഇ.ഒ.(നീലംപേരൂർ സർക്കിൾ) |
| 1-21 | 140000 | ശ്രീ.ആരിഫ് ഖാൻ, വി.ഇ.ഒ(ചേന്നങ്കേരി സർക്കിൾ) |
| 1-22 | 15000 | ശ്രീ.സതീഷ് കുമാർ, വി.ഇ.ഒ.(നീലംപേരൂർ സർക്കിൾ) |
| 1-23 | 90000 | ശ്രീ.സതീഷ് കുമാർ, വി.ഇ.ഒ.(നീലംപേരൂർ സർക്കിൾ) |
| 1-24 | 46444 | ശ്രീമതി.ജയലത.വി, സെക്രട്ടറി |
| 1-26 | 70187 | ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി |
| 1-31 | 547968 | ശ്രീമതി .അജിത അനീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33 | 130000 | ഡോ.എലിസബത്ത് രാജൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 1372721 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | |
| 1-28 | 370 | ശ്രീമതി.അഞ്ജന പുരുഷോത്തമൻ, അക്രഡിറ്റഡ് എഞ്ചിനീയർ<br>ശ്രീമതി.ഗീതമ്മ.എ.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 48145 (IT) | ശ്രീമതി.അഞ്ജന പുരുഷോത്തമൻ, അക്രഡിറ്റഡ് എഞ്ചിനീയർ<br>ശ്രീമതി.ഗീതമ്മ.എ.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 114222 (GST) | ശ്രീമതി.അഞ്ജന പുരുഷോത്തമൻ, അക്രഡിറ്റഡ് എഞ്ചിനീയർ<br>ശ്രീമതി.ഗീതമ്മ.എ.കെ, അസിസ്റ്റന്റ് സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി | സെക്രട്ടറി<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | അമീൻ മൻസിൽ,<br>സക്കറിയ വാർഡ്,<br>ആലപ്പുഴ |
| ശ്രീമതി അജിത അനീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>നീലംപേരൂർ<br>ഗ്രാമപഞ്ചായത്ത് | ഇത്തിപ്പറമ്പിൽ,<br>പള്ളുരുത്തി.പി.ഒ, കൊച്ചി |
| ശ്രീമതി.ശ്രുതി.പി.എൽ.<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>നീലംപേരൂർ കൃഷി ഭവൻ | ലഭ്യമല്ല |
| ഡോ.എലിസബത്ത് രാജൻ<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി<br>നീലംപേരൂർ | കാനത്തോട്<br>പെരുന്ന.പി.ഒ.<br>ചങ്ങനാശ്ശേരി |
| സതീഷ് കുമാർ<br>വി.ഇ.ഒ. | വി.ഇ.ഒ.<br>നീലംപേരൂർ | ചേട്ടാകുന്നത്ത്<br>കിടങ്ങറ.പി.ഒ.<br>ആലപ്പുഴ |
| ആരിഫ് ഖാൻ<br>വി.ഇ.ഒ. | വി.ഇ.ഒ.<br>നീലംപേരൂർ | പഴയവീട്<br>ആനപ്പാറ<br>കോന്നി റോഡ്<br>പത്തനംതിട്ട |
| ജയലത.വി.<br>സെക്രട്ടറി | സെക്രട്ടറി<br>ചെറിയനാട് ഗ്രാമപഞ്ചായത്ത് | ജാൻവി<br>വെട്ടിയാർ.പി.ഒ.<br>മാവേലിക്കര<br>ആലപ്പുഴ |
| അഞ്ജന പുരുഷോത്തമൻ<br>അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ<br>നീലംപേരൂർ | അലൻതറ<br>മിത്രക്കരി.പി.ഒ.<br>ആലപ്പുഴ |
| ഗീതമ്മ. എ.കെ., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>നീലംപേരൂർ<br>ഗ്രാമപഞ്ചായത്ത് | അറയ്ക്കൽ, കണ്ണാടി.പി.ഒ,<br>പുളിങ്കുന്ന്, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്.എ 14/1264/04, തീയതി – 07.12.2004 |
| 1994-95 | എൽ.എഫ്.എ 14/1265/04 തീയതി 06.11.2004 |
| 1995-96 | എൽ.എഫ്.എ 10/131/05 തീയതി 08.08.2005 |
| 1997-98 | എൽ.എഫ്.എ 10/203/03 തീയതി 03.08.2005 |
| 1997-98 (ചെലവ്) | എൽ.എഫ്.എ 4/303/01 തീയതി 02.03.2002 |
| 1998-99 (ചെലവ്) | എൽ.എഫ്.എ 4/11160/02 തീയതി 10.03.2003 |
| 2000-01 (ചെലവ്) | എൽ.എഫ്.ജി.എ 4/4/04 തീയതി 05.05.2004/01.07.2004 |
| 2001-02 (ചെലവ്) | എൽ.എഫ്.ജി.എ 4/4/04 തീയതി 05.05.2004/01.07.2004 |
| 2002-03 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2003-04 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2004-05 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2005-06 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2006-07 മുതൽ 2009-10 | എൽ.എഫ്.എ.പി 5/575/14 തീയതി 09.05.2014/10.06.2014 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി 10/1519/13 തീയതി 01.04.2014/03.06.2014 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-പി.10/1389/15 തീയതി 12.01.2015 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.10/134/17 തീയതി 08.02.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.10/1324/17 തീയതി 04.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.9/229/19 തീയതി 11.04.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.10/404/20 തീയതി 09.06.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.10/24/2022 തീയതി 19.03.2022 |

| | |
|---|---|
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.10/25/2022 തീയതി 19.03.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്